ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. നീതി ആയോഗിന്റെ പത്താമത് ഭരണസമിതി യോഗത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ അധ്യക്ഷത വഹിക്കും

   **PM Modi to chair 10th Governing Council Meeting of NITI Aayog in New Delhi today**

2. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര പര്യടനത്തിനായി കോൺഗ്രസ് നേതാവ് ശശി തരൂർ എംപി യുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം യാത്ര തിരിച്ചു

   **Congress leader Shashi Tharoor MP-led delegation leaves for diplomatic tour on Operation Sindoor**

3. പാകിസ്ഥാൻ വിമാനങ്ങൾ ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിനുള്ള വിലക്ക് അടുത്ത മാസം 23 വരെ നീട്ടി

   **India Extends Airspace Ban on Pakistani Aircraft Till Next Month: Civil Aviation Ministry**

4. സാമൂഹിക നീതിയിലധിഷ്ഠിതമായ വികസനമാണ് കേരളത്തിൽ നടപ്പിലാക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

   social justice based development is being implemented in Kerala, says Chief Minister Pinarayi Vijayan

5. കേരളത്തിൽ അടുത്ത ആറ് ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത, കേരള- കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്

   IMD predicts heavy rain in Kerala for next six days. Red alert in Kannur and Kasaragod districts today, fishermen warning in Kerala-Karnataka-Lakshadweep coasts

6. ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ 42 റൺസിന് പരാജയപ്പെടുത്തി സൺറൈസേഴ്സ് ഹൈദരാബാദ്

   In IPL cricket, Sunrisers Hyderabad defeats Royal Challengers Bangalore by 42 runs

&&&&&&&&&&&&&&&&&&

## NITI AAYOG-PM

നീതി ആയോഗിന്റെ പത്താമത് ഭരണസമിതി യോഗത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ

അധ്യക്ഷത വഹിക്കും. 2047ഓടെ വികസിത ഭാരതത്തിനായി വികസിത സംസ്ഥാനം എന്നതാണ് ഈ വർഷത്തെ പ്രമേയം. സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും മുഖ്യമന്ത്രിമാരും ലെഫ്റ്റനന്റ് ഗവർണർമാരും കേന്ദ്ര മന്ത്രിമാരും നീതി ആയോഗ് സിഇഒയും അംഗങ്ങളും ഭരണസമിതി യോഗത്തിൽ പങ്കെടുക്കും. രാജ്യം നേരിടുന്ന വികസന വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ സംസ്ഥാനങ്ങളുടെ പങ്കിനെക്കുറിച്ച് സമവായം സൃഷ്ടിക്കുന്നതിനും യോഗം വേദിയൊരുക്കും.

&&&&&&&&&&&&&&&&&&

**RBI**

ലാഭവിഹിതമായി ലഭിച്ച 2.61 ലക്ഷം കോടി രൂപ കേന്ദ്ര സർക്കാരിന് നൽകാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനം. ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്രയുടെ നേതൃത്വത്തിൽ മുംബൈയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ആഭ്യന്തര, ആഗോള സാമ്പത്തിക സ്ഥിതി അവലോകനം ചെയ്ത ബോർഡ്, ഈ വർഷത്തെ ആർബിഐയുടെ വാർഷിക റിപ്പോർട്ടിനും സാമ്പത്തിക പ്രസ്താവനകൾക്കും അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

**INDIAN DELEGATION-INTRO**

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര പര്യടനത്തിനായി ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം യാത്ര തിരിച്ചു. യുഎസ്, പനാമ, ഗയാന, ബ്രസീൽ, കൊളംബിയ എന്നീ രാജ്യങ്ങളാണ് സംഘം സന്ദർശിക്കുക. സർക്കാരിൻറെ നയം വ്യക്തമാണെന്നും ഓപ്പറേഷൻ സിന്ദൂറിനെ സംബന്ധിച്ചും പഹൽഗാം ഭീകരാക്രമണത്തെ സംബന്ധിച്ചും ലോകത്തെ ധരിപ്പിക്കുകയാണ് പ്രതിനിധി സംഘത്തിൻറെ ലക്ഷ്യമെന്ന് യാത്രയ്ക്ക് മുന്നോടിയായി ശശിതരൂർ എം.പി മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

സൗദി, കുവൈറ്റ്, ബഹ്റൈൻ, അൾജീരിയ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തുന്നതിനായി ബൈജയന്ത് പാണ്ഡ എംപിയുടെ നേതൃത്വത്തിലുള്ള സംഘവും പുറപ്പെട്ടു. ഇന്ത്യയുടെ ഐക്യം വളരെ പ്രധാനമാണെന്നും രാജ്യത്തിന്റെ സന്ദേശം ലോകത്തിന് മുന്നിൽ എത്തിക്കുകയാണ് പ്രതിനിധി സംഘത്തിൻറെ ലക്ഷ്യമെന്നും ബിജെപി നേതാവ് ബൈജയന്ത് പാണ്ടെ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

അതേസമയം സഞ്ജയ് ഝാ എം പിയുടെ നേതൃത്വത്തിലുള്ള സംഘം

ബ്രസീൽ, ഓസ്ട്രേലിയ, കൊളംബിയ, ഗ്രീസ്, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളുടെ എംബാസിഡർമാരുമായി ജപ്പാനിൽ കൂടിക്കാഴ്ച നടത്തി. കനിമൊഴി എംപിയുടെ നേതൃത്വത്തിലുള്ള സംഘം റഷ്യയിൽ പര്യടനം തുടരുകയാണ്.

സ്പെയിൻ, ഗ്രീസ്, സ്ലോവേനിയ, ലാത്വിയ, എന്നീ രാജ്യങ്ങളും സംഘം സന്ദർശിക്കും.

&&&&&&&&&&&&&&&&&&

**MISRI-DELEGATIONS**

അതേസമയം നയതന്ത്ര ചർച്ചകൾക്കായി നിയോഗിച്ച നാല് ഇന്ത്യൻ പ്രതിനിധി സംഘങ്ങളുമായി വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി ആശയവിനിമയം നടത്തി. കോൺഗ്രസ് നേതാവ് ശശി തരൂർ, ബിജെപി നേതാവ് രവി ശങ്കർ പ്രസാദ് , എൻസിപി- എസ് പി സുപ്രിയ സൂലേ, ബിജെപി നേതാവ് ബൈജയന്ത് പാണ്ടെ എന്നിവരുടെ പ്രതിനിധി സംഘമാണ് ചർച്ചകളിൽ ഉണ്ടായിരുന്നത്.

&&&&&&&&&&&&&&&&&&

**JAISHANKAR-GERMANY-INTRO**

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ബെർലിനിൽ ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസുമായി കൂടിക്കാഴ്ച നടത്തി.

ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ നടപടികൾക്കുള്ള ജർമ്മനിയുടെ പിന്തുണയ്ക്ക് അദ്ദേഹം നന്ദി അറിയിച്ചു.

ഭീകരവാദത്തിനെതിരെ ഇന്ത്യ വിട്ടുവീഴ്ച ഇല്ലാത്ത നയമാണ് സ്വീകരിക്കുന്നതെന്ന് ജർമ്മനിയോട് വ്യക്തമാക്കിയതായും പാകിസ്ഥാനുമായുള്ള ബന്ധം ഉഭയകക്ഷിപരമായിരിക്കുമെന്ന് അറിയിച്ചതായും ശ്രീ ജയശങ്കർ പറഞ്ഞു.

(ഹോൾഡ് വോയ്സ്............)

&&&&&&&&&&&&&&&&&&

**NOTAM -EXTEND**

പാകിസ്ഥാൻ വിമാനങ്ങൾ ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിനുള്ള വിലക്ക് അടുത്ത മാസം 23 വരെ നീട്ടി വ്യോമയാന മന്ത്രാലയം. പാകിസ്ഥാനിൽ രജിസ്റ്റർ ചെയ്യതും സൈനിക വിമാനങ്ങൾ ഉൾപ്പെടെ പാകിസ്ഥാൻറെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നതുമായ വിമാനങ്ങൾക്ക് ഇക്കാലയളവിൽ ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കാനാവില്ല.

**Editor:NITHA A B, Source: NEWSPOOL, CNRT:MAHESH D, Reader: KRISHNA A, DEO:SANDHYA RANI G S**

TIME:07:25 DATE:2025-05-24

## INDIA - UNSC

പാകിസ്ഥാൻ ഭീകരാക്രമണങ്ങളെ ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിൽ രൂക്ഷമായി വിമർശിച്ച് ഇന്ത്യ. പാകിസ്ഥാൻ സ്പോൺസർ ചെയ്ത ഭീകരാക്രമണങ്ങൾ പതിറ്റാണ്ടുകളായി ഇന്ത്യ അനുഭവിച്ചിട്ടുണ്ടെന്ന് യു എൻ സുരക്ഷാ കൗൺസിലിൽ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി

പി. ഹരീഷ് പറഞ്ഞു. സായുധ സംഘട്ടനങ്ങളിൽ സാധാരണക്കാരെ സംരക്ഷിക്കുന്നതിനെക്കുറിച്ചുള്ള തുറന്ന ചർച്ചയ്ക്കിടെയാണ്

അദ്ദേഹത്തിൻറ പരാമർശം. ഭീകരവാദികളും സാധാരണക്കാരും തമ്മിൽ വേർതിരിവ് കാണിക്കാത്ത ഒരു രാജ്യത്തിന് സാധാരണക്കാരെ സംരക്ഷിക്കുന്നതിനെക്കുറിച്ച് സംസാരിക്കാൻ യോഗ്യതയില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## CM KERALA-GOVT 4TH YEAR

സാമൂഹിക നീതിയിലധിഷ്ഠിതമായ സർവതല സ്പർശിയായ വികസനമാണ് കേരളം നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മന്ത്രിസഭയുടെ നാലാം വാർഷിക ആഘോഷങ്ങളുടെ സമാപന സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു

മുഖ്യമന്ത്രി. ആരോഗ്യം, പൊതുവിദ്യാഭ്യാസം, ദേശീയ പാത വികസനം എന്നിവയിൽ സംസ്ഥാനം മികച്ച മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു. ദേശീയപാത നിർമാണ ഘട്ടത്തിലെ അപാകതകൾ ഗൗരവമായി പരിശോധിച്ച് നടപടി എടുക്കുവാൻ ദേശീയപാത അതോറിറ്റിക്കും ബന്ധപ്പെട്ട കേന്ദ്ര സർക്കാർ വകുപ്പിനും കഴിയും. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചതായും മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാന സർക്കാരിന്റെ വാർഷിക പ്രോഗ്രസ് റിപ്പോർട്ട് ശ്രീ പിണറായി വിജയൻ പ്രകാശനം ചെയ്തു

&&&&&&&&&&&&&&&&&&

**RAIN –KERALA**

കേരളത്തിൽ അടുത്ത ആറ് ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അതിതീവ്ര മഴയ്ക്കുള്ള സാധ്യത പരിഗണിച്ച് കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകി. 9 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. നാളെ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തീവ്രമഴ മുന്നറിയിപ്പിൻ്റെ പശ്ചാത്തലത്തിൽ ഇടുക്കിയിലെ ജലാശയങ്ങളിൽ ജല വിനോദങ്ങൾക്ക് നിരോധനം ഏർപ്പെടുത്തി. മണ്ണിടിച്ചിൽ,

ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലയിലെ ട്രെക്കിങ്ങും നിരോധിച്ചു. കോഴിക്കോട് ജില്ലയിൽ ക്വാറികളുടെ പ്രവർത്തനം, മണ്ണെടുപ്പ്, ഖനനം എന്നിവയ്ക്കും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ നദീതീരങ്ങൾ, ബീച്ചുകൾ, വെള്ളച്ചാട്ടങ്ങൾ എന്നിവിടങ്ങളിൽ വിനോദസഞ്ചാരികൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

കേരള- കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&&

## COVID-VEENA GEORGE

ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ കോവിഡ് കേസുകൾ വലിയ തോതിൽ റിപ്പോർട്ട് ചെയ്യുന്നതിനാൽ കേരളത്തിൽ നിരീക്ഷണം ശക്തമാക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കോവിഡ് കേസുകളുടെ വർധനവ് കണ്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്നും ജില്ലകൾ കൃത്യമായി കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യണമെന്നും മന്ത്രി നിർദേശം നൽകി. 273 കോവിഡ് കേസുകളാണ് മേയ് മാസത്തിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

&&&&&&&&&&&&&&&&&&&

## DELHI-HEALTH ADVISORY

കോവിഡ് കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, കിടക്കകൾ, ഓക്സിജൻ, മരുന്നുകൾ, വാക്സിനുകൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കാൻ ഡൽഹി സർക്കാർ ആശുപത്രികളോട് ആവശ്യപ്പെട്ടു. എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലെയും ഇൻഫ്ലുവൻസ, കടുത്ത ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ എന്നിവ സംയോജിത ആരോഗ്യ വിവര പ്ലാറ്റ്ഫോം പോർട്ടലിൽ ദിവസേന റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകി. നിലവിൽ ഒരു തരത്തിലുള്ള പരിഭ്രാന്തിയുടെയും ആവശ്യമില്ലെന്നും ഏത് സാഹചര്യവും നേരിടാൻ സർക്കാർ സജ്ജമാണെന്നും ഡൽഹി ആരോഗ്യമന്ത്രി പങ്കജ് കുമാർ സിംഗ് പറഞ്ഞു

&&&&&&&&&&&&&&&&&&

## IPL T20 CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ 42 റൺസിന് പരാജയപ്പെടുത്തി. 232 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ആർസിബി 19.5 ഓവറിൽ 189 റൺസിന് എല്ലാവരും പുറത്തായി. ഇന്ന് വൈകുന്നേരം 7.30 ന് ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

&&&&&&&&&&&&&&&&&&

## JAVELIN THROW-NEERAJ

പോളണ്ടിൽ നടന്ന ജാനുസ് കുസോസിൻസ്കി മെമ്മോറിയൽ മീറ്റ് - 2025 ജാവലിൻ ത്രോയിൽ ഇന്ത്യടെ താരം നീരജ് ചോപ്രക്ക് രണ്ടാം സ്ഥാനം .84.14 മീറ്റർ ദൂരം എറിഞ്ഞാണ് നീരജ് നേട്ടം കൈവരിച്ചത്. ജർമ്മനിയുടെ ജൂലിയൻ വെബറിനാണ് ഒന്നാം സ്ഥാനം .

&&&&&&&&&&&&&&&&&&&

## MALAYSIA MASTERS BADMINTON

മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിന്റെ പുരുഷ വിഭാഗം സിംഗിൾസ് സെമിഫൈനലിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് ഇന്ന് ജപ്പാൻ താരത്തെ നേരിടും. ഫ്രാൻസ് താരത്തെ പരാജയപ്പെടുത്തിയാണ് ശ്രീകാന്ത് സെമിഫൈനലിൽ പ്രവേശിച്ചത് .

&&&&&&&&&&&&&&&&&&&

## RAHUL K P – WEST HAM UNITED

അമേരിക്കയിൽ നടക്കുന്ന ദി സോക്കർ ഫുട്ബാൾ ടൂർണമെന്റിൽ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബ്ബായ വെസ്റ്റ് ഹാം യുണൈറ്റഡിനായി മലയാളി ഫുട്ബോൾ താരം കെ പി രാഹുലിനെ തിരഞ്ഞെടുത്തു . ആദ്യമായാണ് ഒരു ഇന്ത്യൻ താരം പ്രധാന അന്താരാഷ്ട്ര ക്ലബ് ഫുട്ബോൾ തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്നത് . തൃശൂർ

സ്വദേശിയായ കെ പി രാഹുൽ ഇന്ത്യൻ ദേശീയ ടീമിനായി ഇതുവരെ ഏഴ് മത്സരങ്ങൾ കളിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## US - IRAN TALKS

ഇറാൻ- യുഎസ് അഞ്ചാം ഘട്ട ആണവ ചർച്ചകൾ റോമിൽ നടന്നു. എന്നാൽ കൂടുതൽ ചർച്ചകൾ ആവശ്യമാണെന്നും ചർച്ചകൾക്ക് ഇരു പക്ഷവും സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അമേരിക്കയിലെ ഉന്നത വൃത്തങ്ങൾ വ്യക്തമാക്കി. രണ്ട് മണിക്കൂർ നീണ്ട ചർച്ചയിൽ മധ്യേഷ്യൻ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫും പങ്കെടുത്തു. തുടർ ചർച്ചകൾ ആവശ്യമാണെന്ന് ഇറാൻ വിദേശകാര്യ മന്ത്രിയും അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&